# സർവ്വജനത്തിനുമുള്ള മഹാസന്തോഷം

## ലൂക്കോസ് 2:11

"കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു."

പ്രപഞ്ചസൃഷ്ടാവും പരിപാലകനുമായ ദൈവം മനുഷ്യചരിത്രത്തിലേക്ക് പ്രവേശിച്ചത് ഒരു അഗതിയെപ്പോലെയുള്ള ശിശുവായിട്ടാണ്. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷത്തെപ്പറ്റി ദൂതൻ ആട്ടിടയന്മാരെ അറിയിച്ച സന്ദർഭമാണ് വചനഭാഗം. ദാവീദിന്റെ പട്ടണത്തിൽ ജനിച്ച രക്ഷിതാവിനെ കാണാൻ അവർ ബദ്ധപ്പെട്ടു ചെന്നു. 2000 വർഷങ്ങൾക്കുമുമ്പ് ദാവീദിന്റെ പട്ടണത്തിൽ നമുക്കായി ജനിച്ച രക്ഷിതാവ് ഇന്ന് നമ്മുടെ ഹൃദയത്തിൽ ജനിച്ചിട്ടുണ്ടോ? എന്തിനുവേണ്ടിയാണ് ക്രിസ്തു ഒരു അഗധിയായി, ശിശുവായി പശുത്തൊട്ടിലിൽ കാണപ്പെട്ടത്. John 3:16 ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ പ്രതിഫലനമാണ് ക്രിസ്തുവിന്റെ ജനനം. മത്തായി 1:21 അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന് യേശു എന്നു പേരിടണം. അവൻ പാപത്തിൽ നിന്നു നമ്മെ വീണ്ടെടുത്തു സ്വർഗ്ഗത്തിനർഹരാക്കിത്തീർത്തു. ഇന്ന് ക്രിസ്തുവിന്റെ ജനനം ലോകമെമ്പാടും ഒരു ആഘോഷം മാത്രമായി മാറുമ്പോൾ ഒരു വിശ്വാസിക്ക് അത് രക്ഷയുടെ ആഘോഷമായി മാറണം. പാപമൊഴികെ സകലത്തിനും നമുക്കു സമനായി ക്രൂശിൽ മരിപ്പാൻ തക്കവണ്ണം അവൻ അനുസരണമുള്ളവനായിത്തീർന്നു. അവൻ ജനിച്ചതും, ജീവിച്ചതും, മരിച്ചതും നമുക്കായിട്ടു തന്നെ. മാത്രമല്ല ഇന്ന് ഉയിർത്തെഴുന്നേറ്റവനായ യേശു നമുക്കുവേണ്ടി പിതാവിന്റെ വലതു ഭാഗത്ത് സദാ പക്ഷപാതം ചെയ്യുന്നു. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം കണ്ട് ഇടയന്മാർ തങ്ങളുടെ രക്ഷകനെപ്പറ്റിയുള്ള സന്തോഷം അനേകരിലേക്ക് പരത്തിയതുപോലെ നാമും നമ്മുടെ രക്ഷകന്റെ വാർത്ത അനേകരിലേക്ക് പകർന്നുകൊടുക്കാൻ കടപ്പെട്ടവരാണ്. ഹൃദയത്തിൽ വാസ്തവമായും യേശു ജനിച്ചിട്ടുണ്ടെങ്കിൽ നാം തീർച്ചയായും അവനോടുകൂടി ക്രൂശിക്കപ്പെടാനും തയ്യാറാകണം. എങ്കിൽ മാത്രമേ യേശു ഉയിർത്തെഴുന്നേറ്റതുപോലെ നാമും മഹിമയോടെ ഉയിർക്കപ്പെടുകയുള്ളു.

ക്രിസ്തുവിന്റെ ജനനത്തിന്റെ സന്തോഷം പൂർത്തീകരിക്കപ്പെടുന്നത് ക്രൂശിലാണ്. അതുകൊണ്ട് പ്രിയരെ, നശ്വരമായ ഈ ലോകത്തിൽ ജീവിക്കുമ്പോൾ രക്ഷയുടെ

സുവിശേഷം സ്വന്തമാക്കിയ നാം സഹനങ്ങളും, പ്രയാസങ്ങളും കടന്നുവരുമ്പോൾ ക്രൂശിലേക്കുനോക്കി നമ്മുടെ നാഥന്റെ ജനനത്തെയും ജീവിതത്തെയും മരണത്തെയും ധ്യാനിക്കാം. അപ്പോൾ കർത്താവിന്റെ ഉയർപ്പിന്റെ സന്തോഷം നമ്മെ നിത്യതയുടെ പ്രത്യാശയാൽ സന്തോഷിപ്പിക്കും. ഈ മഹാസന്തോഷം നമ്മെ ബലപ്പെടുത്തുവാൻ തക്കവണ്ണം ദൈവത്തിന്റെ ആത്മാവ് സഹായിക്കട്ടെ.

**പരാമർശം:**

1യോഹന്നാൻ 4:15

യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു.

യെശയ്യാവ് 9:6

നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 023**